# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5276 05.07.2012-ൽ മറുപടിയ്ക്ക്

<u>മാതൃകാ സ്വാഭാവിക വനം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>,, എം.എ. വാഹീദ്<br>,, എം.പി. വിൻസെന്റ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) മാതൃകാ സ്വാഭാവിക വനം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) സ്വാഭാവിക വനം പുനരുജ്ജീവിപ്പിക്കുക എന്ന തുൾപ്പെടെയുള്ള ഉദ്ദേശത്തോടെയാണ് പുനലൂർ ഡിവിഷനിലെ പത്തുപറയിൽ പരീക്ഷണാടിസ്ഥാനത്തിൽ 'വനദീപ്തി' എന്ന പദ്ധതി തുടങ്ങിയത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | ബി) ആ പ്രദേശത്തെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഒരു ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് "വനദീപ്തി" എന്ന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| സി) എവിടെയാണ് ഈ പദ്ധതി ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | സി) പുനലൂർ ഡിവിഷനിലെ പത്തുപറ എന്ന സ്ഥലത്ത്. |
| ഡി) സംസ്ഥാനത്ത് വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണ്. ? | ഡി) പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന പ്രസ്തുത പദ്ധതി വിജയപ്രദമാണെന്ന് കണ്ടാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത് വ്യാപിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ